File No.FWLD-A1/69/2019-FWLD

9657
9/10/20

"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ശ്രീ.എസ്.മനോജ്, സീനിയർ ക്ലാർക്ക് ഫയൽ ചെയ്ത ഒ.എ. നമ്പർ 2420/16-ലെ 28.06.2019-ലെ അന്തിമ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.475/2019/വനം തിരുവനന്തപുരം, തീയതി, 23/11/2019

---

പരാമർശം:- (1) 22.11.2012-ലെ സ.ഉ.(സാധാ.) നം. 554/12/വനം

(2) ശ്രീ.എസ്.മനോജ്, സീനിയർ ക്ലാർക്ക് ഫയൽ ചെയ്ത ഒ.എ. 2420/16 കേസിലെ 28.06.2019-ലെ വിധിന്യായം

ഉത്തരവ്

മണ്ണാർക്കാട് റെയിഞ്ച്, തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷനിൽ വച്ച് നടന്ന ലേലത്തിൽ ശ്രീ.മുഷ്താഖ് അഹമ്മദ് എന്നയാളെ മതിയായ തിരിച്ചറിയൽ രേഖകളില്ലാതെ പങ്കെടുക്കാൻ അനുവദിച്ചതിനും ലേല നിബന്ധനകൾക്കു വിരുദ്ധമായി തടി വിട്ടുകൊടുത്ത് സർക്കാരിനു നഷ്ടം വരുത്തിവച്ചതിനും ശ്രീ.എസ്.മനോജ്, അപ്പർ ഡിവിഷൻ ക്ലാർക്കിൽ നിന്നും ആനുപാതിക നഷ്ടമായി കണക്കാക്കിയ 15,860/- രൂപ ഈടാക്കുന്നതിനും ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) ഇതിനെതിരായി ടിയാൻ സമർപ്പിച്ച അപ്പീലിലെ അപേക്ഷകളൊന്നും പരിഗണിക്കാത്തതിനാൽ, ബഹു. കേരള അഡ്മിനിട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ.2420/16 നമ്പർകേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിലെ പരാമർശം (2) പ്രകാരമുള്ള വിധിയിൽ ഔപചാരിക അന്വേഷണ റിപ്പോർട്ട് അപേക്ഷകന് നൽകാതെ അച്ചടക്ക നടപടി തീർപ്പാക്കിയതിനാൽ കോടതി പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും ഔപചാരികാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് പരാതിക്കാരന് നൽകി ആയതിൽ ടിയാന് പറയാനുള്ള കാര്യം നേരിൽ കേട്ട് അച്ചടക്ക നടപടിയിൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഉത്തരവായി. ഇതിനനുസൃതമായി നേരിൽ

കേൾക്കുകയും നേരിൽ കേൾക്കൽ വേളയിലെ വാദമുഖങ്ങളും വകുപ്പിന്റെ റിപ്പോർട്ടും തീർപ്പഫയലുകളും വിശദമായി പരിശോധിക്കുകയും ചെയ്തു.

ലേലം നടത്തേണ്ട ചുമതല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്ന ലേലത്തിൽ പങ്കെടുക്കാനുള്ള അനുവാദം നൽകുന്നതും അദ്ദേഹം തന്നെയാണ്. ടി ലേലത്തിൽ ശ്രീ.മുഷ്താഖ് അഹമ്മദ് രണ്ട് ലോട്ടുകൾ വിളിച്ചെടുക്കുകയും മൊത്തം വിലയുടെ 1/5 ആയ 19,000/- രൂപ EMD ആയി ലേല ദിവസം തന്നെ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക (നികുതി ഉൾപ്പെടെ) അടയ്ക്കുന്നതിനുള്ള ഫോറം 116 ബില്ല് മുഷ്താഖ് അഹമ്മദിന് അയച്ചു നൽകുകയും, തുക അടയ്ക്കുന്നതിന് ടിയാന്റെ അപേക്ഷ പ്രകാരം രണ്ട് ചെല്ലാനുകൾ അനുവദിക്കുകയും ചെയ്തു. ഇതിലൊരു ചെല്ലാനിൽ നിന്നും EMD സംഖ്യ കുറവ് ചെയ്തിരുന്നു. ശ്രീ.മുഷ്താഖ് EMD കുറവ് ചെയ്ത തുക ഒടുക്കിയ രസീത് ഹാജരാക്കി ടി ലോട്ട് നീക്കം ചെയ്യുന്നതിനാവശ്യമായ പെർമിറ്റ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും കരസ്ഥമാക്കുകയും ഒരുലോട്ട് ലേലം വിളിച്ചെടുത്ത തടി അദ്ദേഹം നീക്കം ചെയ്യുകയുമുണ്ടായി. ലേല നിബന്ധന പ്രകാരം അടച്ചതുക ഏറ്റവും അവസാനം നീക്കം ചെയ്യുന്ന തടികളുടെ വിലയിലേയ്ക്ക് മാത്രമേ വകകൊള്ളിക്കാൻ പാടുള്ളൂ. ലേലക്കാരൻ രണ്ടാമത്തെ ലോട്ട് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല. ആയതിനാൽ 04.09.2004-ന് പുനർലേലം നടത്തുകയും അതിൽ സർക്കാരിന് 49,877/- രൂപ നഷ്ടം വരികയുമുണ്ടായി. ഈ കാര്യത്തിൽ തീരുമാനമെടുത്തതും അത് നടപ്പിൽ വരുത്തിയതും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്നു. ഇവിടെ ശ്രീ.എസ്.മനോജ് മേലുദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ അനുസരിക്കുകയാണ് ചെയ്തിട്ടുള്ളത് . ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ ശ്രീ.മനോജ് ഒന്നും രണ്ടും മൂന്നും ചാർജ്ജുകൾക്ക് ബാധ്യസ്ഥനാകുന്നില്ല.

മതിയായ തിരിച്ചറിയൽ രേഖയില്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളാൻ സാധിച്ചിട്ടില്ല എന്നാണ് ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയിരുന്നത്. എന്നാൽ ശ്രീ.മുഷ്താഖിന് ഫോറം 116 ബില്ല് മണ്ണാർക്കാട് റെയിഞ്ചിൽ നിന്നും അയച്ചുനൽകിയിട്ടുണ്ട്. ചെല്ലാൻ അയച്ചുനൽകാൻ ആ മേൽവിലാസം മതിയാകും എന്നാൽ നഷ്ടം ഈടാക്കാൻ അത് മതിയാകില്ല എന്ന നിലപാട് വിചിത്രമാണ്. ഈ രണ്ട് കാര്യങ്ങളും തമ്മിൽ തികഞ്ഞ വൈരുദ്ധ്യം നിലനിൽക്കുന്നു. എന്തുതന്നെ ആയാലും സർക്കാർ നഷ്ടം ഈടാക്കുന്നതിൽ അലംഭാവം കാട്ടി എന്നത് സർക്കാർ നഷ്ടത്തിന് കാരണമായി എന്നതിനോട് കൂട്ടി വായിക്കാവുന്നതാണ്. ആ ഉത്തരവാദിത്തത്തിൽ നിന്നും ജൂനിയറാണ് എന്ന കാര്യത്താൽ ശ്രീ.മനോജിനെ ഒഴിവാക്കാനാവില്ല. സർവ്വീസ് ദൈർഘ്യം കുറവായിരുന്നു അതിനാൽ നടപടിക്രമങ്ങൾ അറിയില്ലായിരുന്നു, ആദ്യമായി പങ്കെടുത്ത ലേലം എന്ന വാദങ്ങൾക്കൊക്കെ സാധുത നൽകിയാൽ പോലും സർക്കാർ നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കാതിരുന്നത് കുറ്റകരമായ അനാസ്ഥ തന്നെയാണ്.

3) ഈ വിഷയത്തിൽ ശ്രീ.എസ്.മനോജിന് നൽകിയ ശിക്ഷ ആനുപാതികമല്ലാത്തതിനാലും സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതം ഈടാക്കിയ സ്ഥിതിയ്ക്കും സർവ്വീസിലെ തുടക്കക്കാരൻ എന്ന നിലയിലെ പരിചയക്കുറവ് കണക്കിലെടുത്ത് ശ്രീ.എസ്.മനോജിന്റെ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുക' എന്ന ലഘു ശിക്ഷ നൽകി പരാമർശം (2)-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം.

അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എസ്. മനോജ്, സീനിയർ ക്ലാർക്ക്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി. എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BIJI K
Date: 2019.[illegible] 17:53:39 IST
Reason: Approved

സെക്ഷൻ ഓഫീസർ